**ചരമോപചാരം**

എം. പി. വീരേന്ദ്രകുമാർ

രാജ്യസഭാംഗവും മുൻ കേന്ദ്രമന്ത്രിയും മുൻ കേരള നിയമസഭാംഗവും എഴുത്തുകാരനുമായിരുന്ന എം. പി. വിരേന്ദ്രകുമാർ 2020 മേയ് 28-ന് അന്തരിച്ചു.

പ്രമുഖ സോഷ്യലിസ്റ്റ് പാർട്ടി നേതാവും മദിരാശി നിയമസഭാംഗവുമായിരുന്ന എം. കെ. പത്മപ്രഭാ ഗൗഡറുടെയും മരുദേവിയുടെയും മകനായി 1936 ആഗസ്റ്റ് 15-ന് വയനാട്ടിലെ കൽപ്പറ്റയിൽ ജനിച്ചു. മദിരാശി വിവേകാനന്ദ കോളേജിൽ നിന്ന് ഫിലോസഫിയിൽ മാസ്റ്റർ ബിരുദവും അമേരിക്കയിലെ സിൻസിനാറ്റി സർവ്വകലാശാലയിൽ നിന്ന് എം.ബി.എ. ബിരുദവും നേടി.

സ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്ത് സോഷ്യലിസ്റ്റ് പാർട്ടി അംഗത്വം സ്വീകരിച്ചു. അടിയന്തരാവസ്ഥയ്ക്കെതിരായ നിലപാട് സ്വീകരിച്ചതിന്റെ പേരിൽ സ്വത്തുക്കൾ കണ്ടുകെട്ടപ്പെടുകയും ജയിൽവാസമനുഭവിക്കുകയും ചെയ്തു. 1987-ൽ എട്ടാം കേരള നിയമസഭയിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട് വനം വകുപ്പുമന്ത്രിയായെങ്കിലും

ദിവസങ്ങൾക്കുള്ളിൽ സ്ഥാനമൊഴിയുകയുണ്ടായി. 1996-ലും 2004-ലും കോഴിക്കോട് നിയോജകമണ്ഡലത്തിൽനിന്നും ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. കേന്ദ്രമന്ത്രിസഭയിൽ ധനകാര്യ സഹമന്ത്രിയും പിന്നീട് തൊഴിൽ വകുപ്പിന്റെ സ്വതന്ത്ര ചുമതലയുള്ള സഹമന്ത്രിയുമായിരുന്നു. 2018 മാർച്ച് മുതൽ രാജ്യസഭാംഗമായിരുന്നു.

രാഷ്ട്രീയനേതാവ്, എഴുത്തുകാരൻ, പ്രഭാഷകൻ, പാർലമെന്റേറിയൻ, മാധ്യമമേധാവി, പരിസ്ഥിതി പ്രവർത്തകൻ എന്നിങ്ങനെ കേരള രാഷ്ട്രീയത്തിലും സാഹിത്യ, സാംസ്കാരിക, സാമൂഹിക മണ്ഡലങ്ങളിലും എം. പി. വീരേന്ദ്രകുമാർ വ്യക്തിമുദ്ര പതിപ്പിച്ചു. മനുഷ്യാവകാശങ്ങൾക്കുവേണ്ടിയും പരിസ്ഥിതി സംരക്ഷണത്തിനായും എഴുത്തിലൂടെയും പ്രഭാഷണങ്ങളിലൂടെയും അദ്ദേഹം പോരാടി. സംസ്ഥാന വനം വകുപ്പ് മന്ത്രിയായി ചുമതലയേറ്റപ്പോൾ വനവൃക്ഷങ്ങൾ മുറിക്കരുതെന്ന ഉത്തരവാണ് അദ്ദേഹം ആദ്യം പുറപ്പെടുവിച്ചത്. സോഷ്യലിസ്റ്റ് ആശയങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ട് ഭാരതീയ ആത്മീയതയിലെ വിമോചന സാധ്യതകൾ തേടിയിരുന്ന ഒരു ചിന്തയുടെ വാഹകനായിരുന്നു എം. പി. വീരേന്ദ്രകുമാർ. പ്രകൃതിയുടെയും

പരിസ്ഥിതിയുടെയും സൂക്ഷ്മദർശിയായ ഒരു പോരാളിയായിരുന്നു അദ്ദേഹം.

മാതൃഭൂമിയുടെ മാനേജിംഗ് ഡയറക്ടറായിരുന്ന അദ്ദേഹം ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ, പി.ടി.ഐ. ഡയറക്ടർ, പ്രസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ ട്രസ്റ്റി, ഇന്റർനാഷണൽ പ്രസ് ഇൻസ്റ്റിറ്റ്യൂട്ട് മെമ്പർ, കോമൺവെൽത്ത് പ്രസ് യൂണിയൻ മെമ്പർ, വേൾഡ് അസോസിയേഷൻ ഓഫ് ന്യൂസ് പേപ്പേഴ്സ് എക്സിക്യൂട്ടീവ്, പി.ടി.ഐ. ചെയർമാൻ എന്നീ പദവികൾ വഹിച്ചു.

ഹൈമവതഭൂവിൽ, ഗാട്ടും കാണാച്ചരടുകളും, രാമന്റെ ദുഃഖം തുടങ്ങിയ പ്രകൃഷ്ട കൃതികളുടെ രചയിതാവായ അദ്ദേഹത്തിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, ഓടക്കുഴൽ അവാർഡ്, വയലാർ അവാർഡ് എന്നിവയുൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അദ്ദേഹത്തിന് വിശിഷ്ടാംഗത്വം നൽകി ആദരിച്ചിട്ടുണ്ട്.

രാഷ്ട്രീയമായ വിയോജിപ്പുകൾ പല തലങ്ങളിൽ ഉണ്ടായിരുന്നപ്പോഴും എല്ലാവരുടെയും പ്രിയപ്പെട്ട സുഹൃത്തായിരുന്ന എം. പി. വീരേന്ദ്രകുമാർ.

സോഷ്യലിസ്റ്റ് ആദർശങ്ങൾ നെഞ്ചേറ്റിയ കരുത്തനായ ഒരു രാഷ്ട്രീയ നേതാവിനെയും വിവിധ മേഖലകളിൽ പാണ്ഡിത്യമുണ്ടായിരുന്ന ബഹുമുഖ പ്രതിഭയെയുമാണ് എം. പി. വീരേന്ദ്രകുമാറിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## പി. കെ. കുമാരൻ

മുൻ നിയമസഭാംഗം പി. കെ. കുമാരൻ 2020 മേയ് 26-ന് നിര്യാതനായി. കുഞ്ഞിലൻ-കുട്ടി ദമ്പതികളുടെ മകനായി 1943 ആഗസ്റ്റ് 26-ന് ജനിച്ചു. പന്തളം നിയോജക മണ്ഡലത്തിൽനിന്നും പത്താം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. തിരുവിതാംകൂർ ദേവസ്വം ബോർഡ് മെമ്പർ, പന്തളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, പത്തനംതിട്ട ജില്ലാ കൗൺസിൽ വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. സി.പി.എം. പത്തനംതിട്ട ജില്ലാ സെക്രട്ടേറിയറ്റ് അംഗം, പട്ടികജാതി ക്ഷേമസമിതി സംസ്ഥാന വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഒട്ടേറെ കർഷക സമരങ്ങൾക്ക് നേതൃത്വം നൽകിയ അദ്ദേഹം മിച്ചഭൂമി സമരത്തിൽ പങ്കെടുത്ത് ജയിൽവാസം അനുഭവിച്ചിട്ടുണ്ട്.

കർമ്മോൽസുകനായ ഒരു പൊതുപ്രവർത്തകനെയാണ് പി. കെ. കുമാരന്റെ നിര്യാണത്തോടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

<u>വി. കെ. ബാബു</u>

മുൻ കേരള നിയമസഭാംഗം വി. കെ. ബാബു 2020 ഏപ്രിൽ 20-ന് അന്തരിച്ചു. വി. വി. കുമാരൻ-സി.എ. മാധവി ദമ്പതികളുടെ മകനായി 1958 ജൂലൈ 10-ന് ജനിച്ചു. 09-06-1992-ൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ ഒൻപതാം കേരള നിയമസഭയിലേയ്ക്ക് ഞാറക്കൽ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ് (എസ്) നേതാവായ അദ്ദേഹം പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി സെക്രട്ടറി സ്ഥാനം വഹിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാന വൈസ് പ്രസിഡന്റായിരുന്നു. ഗുരുവായൂർ ദേവസ്വം ബോർഡ് അംഗം, ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ് ചെയർമാൻ എന്നീ പദവികൾ വഹിച്ചിട്ടുണ്ട്.

സാധാരണക്കാരോട് ഇഴുകിച്ചേർന്ന് പ്രവർത്തിച്ചിരുന്ന ജനകീയനായ ഒരു നേതാവിനെയാണ് വി. കെ. ബാബുവിന്റെ നിര്യാണത്തോടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## പി. നാരായണൻ

മുൻ നിയമസഭാംഗം പി. നാരായണൻ 2020 ആഗസ്റ്റ് 6-ന് നിര്യാതനായി. എ. പണിക്കൻ-തങ്കമ്മ ദമ്പതികളുടെ മകനായി 1951 ജനുവരി 31-ന് വൈക്കത്ത് ജനിച്ചു. കർഷക കുടുംബത്തിൽ ജനിച്ച പി. നാരായണൻ എ.ഐ.എസ്.എഫ്. പ്രവർത്തകനായി വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയാണ് രാഷ്ട്രീയത്തിലേയ്ക്ക് പ്രവേശിച്ചത്. വൈക്കം നഗരസഭാ വൈസ് ചെയർമാൻ, തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗം, സി.പി.ഐ. കോട്ടയം ജില്ലാ കമ്മിറ്റിയംഗം, കിസാൻ സഭ സംസ്ഥാന സമിതിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

1998-ൽ വൈക്കം നിയോജക മണ്ഡലത്തിൽനിന്നും ഉപതെരഞ്ഞെടുപ്പിലൂടെ പത്താം കേരള നിയമസഭയിലെത്തി. പതിനൊന്നാം കേരള നിയമസഭയിലേയ്ക്ക് വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. അധഃസ്ഥിത ജനവിഭാഗങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടത്തിൽ എന്നും മുൻനിരയിലുണ്ടായിരുന്ന പി. നാരായണൻ നിയമസഭാംഗമായിരിക്കെ മണ്ഡലത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സ്നേഹവും ആദരവും

പിടിച്ചുപറ്റിയിരുന്നു. ഒരു സാധാരണ തൊഴിലാളിയായി ജീവിതമാരംഭിച്ച അദ്ദേഹം പിന്നീട് തൊഴിലാളി പ്രസ്ഥാനങ്ങളുടെ അമരക്കാരനായി മാറി. തൊഴിലാളികളോടും സാധാരണ ജനവിഭാഗങ്ങളോടും തോളോടുതോൾ ചേർന്നുനിന്ന് നേതൃനിരയിലേയ്ക്ക് എത്തിച്ചേർന്ന വ്യക്തിയാണ് പി. നാരായണൻ.

എളിമയും നിസ്വാർത്ഥതയും കൈമുതലാക്കിയ ഒരു നേതാവിനെയാണ് പി. നാരായണന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)